# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6643

## 09-11-2016 ൽ മറുപടിക്ക്

### കിഫ്ബിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

| ചോദ്യം<br>ശ്രീ. ആർ. രാമചന്ദ്രൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ 2016-17 ലെ പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെല്ലാം പദ്ധതികളാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കാമോ; | സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളെയാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജക മണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. വിവിധ ഭരണ വകുപ്പുകളുടെ പദ്ധതി നിർദ്ദേശങ്ങൾ ഇതിനകം കിഫ്ബിയിൽ ലഭിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പരിശോധിച്ച് വരുന്നു. നവംബർ 7 ന് ചേർന്ന കിഫ് ബോർഡ് യോഗത്തിന്റെ അംഗീകാരം ലഭിച്ച പദ്ധതികൾക്കാണ് ആദ്യഘട്ടത്തിൽ കിഫ്ബി വഴി ധനസഹായം |
| (ബി) ബഡ്ജറ്റിന്മേലുള്ള പൊതു ചർച്ചയുടെ മറുപടി പ്രസംഗത്തിൽ ഉൾപ്പെടുത്തപ്പെട്ട കരുനാഗപ്പള്ളി ദേശീയപാതയുടെ ബൈപ്പാസ് നിർമ്മാണം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുമോ; വിശദീകരിക്കാമോ; | |
| (സി) തീരദേശ വികസനവുമായി ബന്ധപ്പെട്ട വരുന്ന പദ്ധതികൾ കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ആയത് സംബന്ധിച്ച് വിശദാംശങ്ങൾ നൽകുമോ? | |

| | |
|---|---|
| | ലഭ്യമാക്കുക. ഭരണ വകുപ്പുകൾ തുടർന്ന് സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ അവലോകനം നടത്തി അടുത്ത ബോർഡ് യോഗത്തിന്റെ പരിഗണനയ്ക്ക് വയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ